# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.893 — 25.01.2018-ൽ മറുപടിയ്ക്ക്

## വന മേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ശശി | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനമേഖലയിൽ നിരീക്ഷണം ശക്തമാക്കാനും മരം കള്ളക്കടത്ത്/ ചന്ദന കള്ളക്കടത്ത് എന്നിവ തടയാനുമായി ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളും പ്രവർത്തനങ്ങളും വ്യക്തമാക്കുമോ; | (എ) വനമേഖലയിൽ നിരീക്ഷണം ശക്തമാക്കാനും മരം കള്ളക്കടത്ത്/ചന്ദന കള്ളക്കടത്ത് എന്നിവ തടയുന്നതിനുമായി വനമേഖലകളിൽ പെരാമ്പുലേഷൻ, നൈറ്റ് പ്രെട്രോളിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തി വനം കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ചന്ദന കള്ളക്കടത്ത് തടയുന്നതിനായി സാന്റൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും നിശ്ചിത ഇടവേളകളിൽ ചന്ദനസംരക്ഷണ രംഗത്തെ വെല്ലുവിളികൾ സംബന്ധിച്ച് കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തുകയും കമ്മിറ്റി ശുപാർശ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ചന്ദന സംരക്ഷണം കുറ്റമറ്റതായ രീതിയിൽ നടപ്പാക്കി വരുന്നു. |
| (ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി എത്ര പുതിയ വനം സ്റ്റേഷനുകൾ ആരംഭിച്ചു; ഇവയിൽ എത്രയെണ്ണം നിറുത്തലാക്കിയെന്നും എത്ര സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയെന്നും വിശദമാക്കുമോ; | (ബി) ഈ സർക്കാരിന്റെ കാലയളവിൽ 10 പുതിയ വനം സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷന്റെ അധികാര പരിധി നിശ്ചയിച്ചിട്ടില്ല. ഫോറസ്റ്റ് സ്റ്റേഷന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (സി) വനം സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി എന്ത് നടപടികൾ സ്വീകരിച്ച് വരുന്നുവെന്നും അതു മൂലം വനസംരക്ഷണം | (സി) വനം സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, വനസംരക്ഷണ ജീവനക്കാർക്ക് അധിക തസ്തികകൾ അനുവദിക്കുന്നതിനും. ആധുനിക |

| | |
|---|---|
| ഉറപ്പുവരുത്താനായി എന്തു തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ? | ആയുധങ്ങൾ, വാഹനങ്ങൾ, ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതുന്നുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഷൻ പ്രവർത്തനങ്ങൾ ഓരോമാസവും ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ അവലോകനം ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ